(സി) ഖരമാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി മിക്ക നഗരസഭകളും സ്വന്തമായി ലാന്റ് ഫിൽ സൈറ്റുകൾ കണ്ടെത്തുകയും പ്രോജക്ടുകൾ തയ്യാറാക്കി ഘട്ടംഘട്ടമായി പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നഗരം മാലിന്യ വിമുക്തമാക്കുക എന്നതിന് പ്രാധാന്യം നല്കി ക്ലീൻ കേരള പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു.

(ഡി) ഖരമാലിന്യ സംസ്ക്കരണം സംബന്ധിച്ച് കേന്ദ്രം പുറപ്പെടുവിച്ച ചട്ടങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഖരമാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. പ്രശ്നപ്രദേശങ്ങൾക്ക് മുൻഗണന നല്കി ഘട്ടംഘട്ടമായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. മുനിസിപ്പൽ കോർപ്പറേഷനുകളുടേയും മേജർ മുനിസിപ്പാലിറ്റികളുടേയും കാര്യത്തിൽ വിവിധ ഏജൻസികൾ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ച് ആവശ്യമായ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ചെറിയ മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ താരതമ്യേന ചെലവുകുറഞ്ഞ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൻകീഴിൽ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ഒരു ലക്ഷത്തിനുമേൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്കും പരമാവധി 50 ലക്ഷം രൂപയും ഒരു ലക്ഷത്തിനും 50 ലക്ഷത്തിനും ഇടയ്ക്ക് ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ 35 ലക്ഷം രൂപയും 50,000-ന് താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ പരമാവധി 25 ലക്ഷം രൂപയുമാണ് ഈ പദ്ധതിയിൻകീഴിൽ അനുവദിക്കുക.

തിരുവനന്തപുരം നഗരത്തിലെ മാർക്കറ്റുകൾ

123 (1592) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര അനധികൃത മത്സ്യമാർക്കറ്റുകളും മറ്റു വിധത്തിലുള്ള മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രധാനപ്പെട്ട റോഡുകളിലും ജംഗ്ഷനുകളിലും അതിന് സമീപത്തും ഇത്തരത്തിൽപ്പെട്ട എത്ര മാർക്കറ്റുകൾ പ്രവർത്തിക്കുന്നു ;

(സി) ഗതാഗതത്തിനും വഴിയാത്രയ്ക്കും തടസ്സം സൃഷ്ടിക്കുന്ന ഇത്തരം മാർക്കറ്റുകൾ മാറ്റുന്നതിനും ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ സാധനങ്ങൾ വാങ്ങുന്നതിനുതകുന്ന ചെറിയ മാർക്കറ്റുകൾ കൂടുതലായി നഗരത്തിൽ ആരംഭിക്കുന്നതിനും നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 7 അനധികൃത മത്സ്യ മാർക്കറ്റുകളും മറ്റ് 13 അനധികൃത മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 7 മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) നടപടി എടുക്കുന്നതാണെന്ന് തിരുവനന്തപുരം നഗരസഭ അറിയിച്ചിട്ടുണ്ട്.

മാംസ മാർക്കറ്റുകൾ വൃത്തിയും വെടിപ്പുമുള്ളവയാക്കി തീർക്കുവാൻ നടപടി

124 (1593) ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ മാംസ മാർക്കറ്റുകൾ വൃത്തിയും വെടിപ്പും ഉള്ളവയാക്കിത്തീർക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ബി) കശാപ്പു ചെയ്യുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും അവശിഷ്ടങ്ങൾ നീക്കം ചെയ്യുവാനും മറവു ചെയ്യുവാനും എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട് ;

(സി) നിരത്തുകളിലും റോഡുകളിലും ഇത്തരം അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടുപിടിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതു മാർക്കറ്റുകളിലെ മാംസം വിൽക്കുന്ന സ്റ്റാളുകളും പരിസരവും എല്ലാ ദിവസവും നഗരസഭാ തൊഴിലാളികൾ ശുചീകരണം നടത്തി വരുന്നുണ്ട്. കൂടാതെ മാംസാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും പരിസരത്ത് വലിച്ചെറിയാതെ നഗരസഭ സ്ഥാപിച്ചിട്ടുള്ള ചവർ വീപ്പകളിൽതന്നെ നിക്ഷേപിക്കണമെന്ന് കച്ചവടക്കാർക്ക് നഗരസഭ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കശാപ്പു ചെയ്യുന്ന മൃഗങ്ങളുടെയും പക്ഷികളുടെയും അവശിഷ്ടങ്ങൾ ദിവസവും വൈകിട്ട് 6 മണി മുതൽ 8 മണി വരെ മണക്കാട് താൽക്കാലിക ചവർ ഡിപ്പോയിൽ സജ്ജമാക്കി നിർത്തിയിട്ടുള്ള വാഹനത്തിൽ നിക്ഷേപിക്കുവാൻ ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖാന്തിരം ഇറച്ചിവ്യാപാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം എത്തിക്കുന്ന അവശിഷ്ടങ്ങൾ അതാത് ദിവസം തന്നെ വിളപ്പിൽശാല ചവർ സംസ്ക്കരണശാലയിൽ എത്തിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly